കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനം - 1

## സാധാരണക്കാർക്ക വേണ്ടി ഒരു വിജ്ഞാന വിതരണ സംവിധാനം

ആർ. രാമൻ നായർ

വീക്ഷണം 11 ആഗസ്റ്റ് 1987

ഒരു പൊതുഗ്രന്ഥാലയം അതിന്റെ സേവന പരിധിക്കകത്തു വരുന്ന സമൂഹത്തിന്റെ വൈവിധ്യമാർന്ന വിജ്ഞാനാവശ്യങ്ങളെല്ലാം നിവർത്തിക്കുവാൻ പര്യാപ്തമായിരിക്കണം. നിരക്ഷരതാ നിർമ്മാർജ്ജനം, നേടിയ സാക്ഷരത നില നിർത്തൽ, അനൗപചാരിക തുടർ വിദ്യഭ്യാസ സൗകര്യങ്ങൾ, തൊഴിലവസര, ആരോഗ്യപരിപാലന കാർഷിക വിജ്ഞാന വിവരങ്ങൾ തുടങ്ങിയവയയ്ക്കൊക്കെ ആ സമൂഹത്തിന് ആശ്രയിക്കാനാവുന്ന കേന്ദ്രമായിരിക്കണം അത്. ദേശീയ സംസ്ഥാന തലങ്ങളിൽ ഏകോപിപ്പിക്കപ്പെടുന്ന നിയമാധിഷ്ഠിധമായ ഗ്രന്ഥാലയ വിജ്ഞാന വിതരണ സംവിധാനത്തിലെ ഒരു സേവനകേന്ദ്രത്തിനു മാത്രമേ ഈകടമകൾ നിർവിക്കാനാവു.

Library Movement in Kerala – 1: **An Information Dissemination System for the People.** Veekshanam, 11, August, 1987

**Personal Archive Files:**

**Note:** Forms part of a series of articles published in 1987 under the common title; Library Movement in Kerala in a popular regional (Kerala) daily of local language (Malayalam). At that time there was no library legislation in Kerala. Various attempts during 1960- 1985 for enacting a Kerala Public Library act failed due to interests of some pressure groups controlling the library movement that came into conflict with a principles behind the proper library legislation. There were also signs of the further attempts for library legislation taking a wrong direction to adjust with the pressure groups. In such a situation the articles in this series attempted to raise public opinion in favor of enacting library legislation in Kerala as per accepted principles and models. These articles were published in 1987. But while enacting the Kerala Public Library Act 1989 the aspects pointed out in these articles were not considered. Still 19 years after its publication these articles many of the recommendations of the paper stands relevant for amending Kerala Public Libraries Act 1989.

# സാധാരണക്കാർക്ക
# ഒരു വിജ്ഞാനവിതര

ആർ രാമൻ നായർ

ജനതയുടെയാകെ സാമൂഹിക സാമ്പത്തിക പുരോഗതിയുടെയും ജനായത്ത വ്യവസ്ഥയുടെ ആരോഗ്യകരമായ നിലനില്പിന്റെയും അടിസ്ഥാനമായ സമൂഹ വിദ്യാഭ്യാസ, വാർത്താവിനിമയ, വിജ്ഞാന വിതരണ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ഒഴിച്ചുകൂടാനാവാത്ത കേന്ദ്രങ്ങളാണ് പൊതുഗ്രന്ഥാലയങ്ങൾ. പൊതു ഗ്രന്ഥാലയം എന്ന പദംകൊണ്ട് ഇവിടെ പ്രധാനമായും ഉദ്ദേശിക്കുന്നത് ഒരു ദേശീയ–സംസ്ഥാന ഗ്രന്ഥാലയ, വിജ്ഞാനവിനിമയ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ കൊച്ചു സമൂഹങ്ങളിലും സ്ഥാപിക്കപ്പെടുന്ന ജനങ്ങളുടെ ഏതുവിജ്ഞാനാവശ്യങ്ങളെയും തൃപ്തമാക്കാനാവുന്ന, അത്യാവശ്യ റഫറൻസ് സൗകര്യങ്ങൾ ഉടനടിതന്നെ ലഭ്യമാക്കാനാവുന്ന സേവനകേന്ദ്രങ്ങളെയാണ്. ഔപചാരിക വിദ്യാഭ്യാസത്തെ സമീപിക്കാനാവാത്ത ഗ്രാമീണരും ദരിദ്രരുമായ നമ്മുടെ ബഹുഭൂരിപക്ഷത്തിനും തങ്ങളുടെ വിജ്ഞാനാവശ്യങ്ങൾക്ക് ഏക ആശ്രയമായിത്തീരേണ്ടതു് അത്തരം പൊതുഗ്രന്ഥാലയങ്ങളാണ്. ഇന്ന് അവർക്ക് നിഷേധിച്ചിരിക്കുന്ന ഈ സൗകര്യംതന്നെയാണ് അവരുടെ പിന്നോക്കാവസ്ഥയുടെ കാരണങ്ങളിൽ പ്രമുഖമായിരുന്നു. എങ്കിലും തങ്ങളുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്കായി കഠിനാദ്ധ്വാനത്തിലേർപ്പെട്ടിരിക്കുന്നു. ആ ജനവിഭാഗത്തിൽനിന്നും അത്തരം ഒരു സേവനത്തിന്റെ ലഭ്യതക്കായി ആവശ്യമുയരില്ല. അതുകൊണ്ട് മറ്റെല്ലാ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളേയുമെന്നപോലെ നിയമാധിഷ്ഠിതമായ ഒരു ഗ്രന്ഥാലയ, വിജ്ഞാന വിതരണ സംവിധാനം ഏർപ്പെടുത്തുവാനുള്ള ഉത്തരവാദിത്വം ജനപ്രതിനിധികളിൽ, ഭരണാധികാരികളിൽ നിക്ഷിപ്തമായിരിക്കുന്നു.

## ലൈബ്രറി ബില്ലുകൾ

നാൽപ്പതുകൾ മുതൽ തന്നെ ഗ്രന്ഥശാലാനിയമം കൊണ്ടുവരുന്നതിനുവേണ്ട ശ്രമങ്ങൾ ഇവിടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. പ്രഗത്ഭഗ്രന്ഥാലയശാസ്ത്രവിദഗ്ദ്ധനായ ഡോക്ടർ എസ് ആർ രംഗനാഥൻ നിർമ്മിച്ച ഗ്രന്ഥാലയ വ്യവസ്ഥയെ സംബന്ധിച്ച മാതൃകാപ്ലാനിൽ നിന്നു തുടങ്ങി 1985-ലെ കേരളാ പബ്ലിക് ലൈബ്രറി ബിൽവരെയെത്തി നിൽക്കുന്ന അനേകം കരടുനിയമങ്ങൾക്ക് ഇവിടെ രൂപം നൽകിയിട്ടുണ്ട്. പക്ഷേ ഒന്നിനുംതന്നെ നിയമമാകാൻ ഭാഗ്യമുണ്ടായില്ല. ഫലമോ, സ്വാതന്ത്ര്യാനന്തരമുള്ള നാലു ദശകങ്ങൾ കഴിഞ്ഞിട്ടും, മററ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലൊക്കെ ഗ്രന്ഥാലയ നിയമങ്ങൾനിലവിൽവന്നിട്ടും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ഥിതിവിവര കണക്കുകളുടെ ഇന്ദ്രജാല പ്രകടനം നടത്തി അഹങ്കരിക്കുന്ന കേരളത്തിൽ, സാധാരണക്കാരന്റെ വിദ്യാഭ്യാസാവശ്യങ്ങളെ നിവർത്തിക്കുവാനുള്ള സമൂഹ കേന്ദ്രങ്ങൾ നിലനിർത്തുവാൻ കാര്യക്ഷമമായ ഒരു സംവിധാനവും നിലവിൽ വന്നില്ല.

## പൊതു ഗ്രന്ഥാലയ വ്യവസ്ഥ

സാധാരണക്കാരന്റെ വിദ്യാഭ്യാസത്തിനും വിനോദത്തിനും, വാർത്താവിനിമയ മാദ്ധ്യമങ്ങളും ഗവൺമെണ്ടിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുമൊക്കെ ഫലപ്രദമാകുന്നതിനും, ഗ്രാമനഗരഭേദമില്ലാതെ സാമൂഹ്യ സാമ്പത്തിക തലങ്ങളുടെ അതിർവരമ്പുകൾ കടന്ന് സംസ്ഥാനത്തെ ജനങ്ങൾക്കാകമാനം വിജ്ഞാന വിനിമയ സേവനം ഉറപ്പാക്കുവാൻ പര്യാപ്തമായ സമഗ്രമായ ഒരു പൊതു ഗ്രന്ഥാലയ വ്യവസ്ഥ വേണം. അതു് ഒരു ഗ്രന്ഥാലയ നിയമനിർമ്മാണത്തിലൂടെ മാത്രമേ സാദ്ധ്യമാവൂ എന്നതു് എന്നും അംഗീകരിക്കപ്പെട്ട വസ്തുതയാണ്. പക്ഷേ ഗ്രന്ഥാലയ പ്രവർത്തകർ എന്ന് സ്വയം കരുതുന്ന ഒരു കൂട്ടർ കേരളത്തിൽ ഗ്രന്ഥാലയ നിയമ നിർമ്മാണ ശ്രമങ്ങൾക്ക് എപ്പോഴും എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ടിരുന്നു. കരടു നിയമങ്ങൾ നിർമ്മിക്കപ്പെട്ടപ്പോഴൊക്കെ അതിനു ശക്തിപകരുവാനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളുമായി മുന്നോട്ടുവരേണ്ട നമ്മുടെ ഗ്രന്ഥാലയശാസ്ത്ര വിഭാഗം ഇക്കാര്യത്തിൽ തികഞ്ഞ നിശബ്ദത പാലിച്ചു. ഇത്തരം സാഹചര്യങ്ങളിൽ, നിലവിലുള്ളതും അതുപോലെ തുടരണമെന്ന് ഒരു കൂട്ടർ നിർബന്ധം പിടിക്കുന്നതുമായ നമ്മുടെ ഗ്രന്ഥാലയങ്ങളുടെ പ്രവർത്തന രീതികളേയും ഇതുവരെ നിർമ്മിക്കപ്പെട്ട പബ്ലിക് ലൈബ്രറി ബില്ലുകളും, കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള മാതൃകാ ബില്ലും വിഭാവനം ചെയ്തിരിക്കുന്ന ഗ്രന്ഥാലയ വ്യവസ്ഥയേയും കുറിച്ച് നിഷ്പക്ഷമായ ഒരു താരതമ്യപ്പെടുത്തൽ വേണ്ടിയിരിക്കുന്നു. അതിനുമുമ്പ്, ആധുനിക ലോകത്തു് ഒരു പൊതു ഗ്രന്ഥാലയ വ്യവസ്ഥ കൊണ്ട് എന്താണ് ഉദ്ദേശിക്കപ്പെടുന്നത് എന്നും നാം മനസ്സിലാക്കിയിരിക്കണം.

## ലക്ഷ്യങ്ങൾ

ഭാരതത്തെപ്പോലുള്ള ഒരു രാഷ്ട്രത്തിൽ ഒരു പൊതു ഗ്രന്ഥാലയ വ്യവസ്ഥ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പ്രവർത്തനക്ഷമതയിൽ ഒരു ദേശീയ സംവിധാനത്തിന്റെ ഭാഗമായി മാത്രമേ ആസൂത്രണം ചെയ്യാനാവൂ. ഒരു ദേശീയ ഗ്രന്ഥാലയ, വിജ്ഞാന വിനിമയ പദ്ധതിയുടെ ഭാഗമാവേണ്ടതുകൊണ്ട് തന്നെ വിവിധ സംസ്ഥാനങ്ങളിലെ ഗ്രന്ഥാലയ സംവിധാനങ്ങൾ വ്യത്യസ്ത സ്വഭാവമുള്ള ശേഖരങ്ങളും പ്രവർത്തന രീതികളുമായി ഒററക്കൊററക്ക് വളരുന്ന പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങളോ ഗ്രന്ഥാലയ സംഘങ്ങളോ ആകാനൊക്കില്ല.
ഭരണ രീതികളിൽ ശേഖരത്തിന്റെയും സേവനത്തിന്റെയും സ്വഭാവത്തിൽ ഒരു ജൈവ വസ്തുവിന്റെ വിവിധകോശങ്ങളെപ്പോലെ ഏകതാനത പ്രകടമാക്കേണ്ട വിവിധഘടകങ്ങളാണ് അവ.

ദേശത്തങ്ങോളമിങ്ങോളം വ്യാപിച്ച, എല്ലാ തലങ്ങളിലെയും ജനങ്ങളിലെത്തുന്ന, പ്രവേശനത്തിന്റെയും വിജ്ഞാന ലഭ്യതയുടെയും കാര്യത്തിൽ തുല്യമായ അവസരങ്ങൾ ലഭ്യമാക്കുന്ന ഒരു സേവന സംവിധാനമാണ് ഏതൊരു പൊതുഗ്രന്ഥാലയ വ്യവസ്ഥയുടെയും അടിസ്ഥാനലക്ഷ്യം. നിരക്ഷരതാ നിർമ്മാർജ്ജനം, സാക്ഷരത നിലനിർത്തൽ, അനൗപചാരിക തുടർ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കൽ ഔപചാരിക സ്ഥാപനങ്ങളിൽ നിന്നും പുറത്തു വന്നതിനു ശേഷവും ജനങ്ങൾക്ക് അറിവിന്റെ മേഖലകൾ വികസിപ്പിക്കുവാനുള്ള സൗകര്യം നൽകൽ, രാഷ്ട്രീയ സാമൂഹിക സാമ്പത്തിക ബന്ധങ്ങളിൽ പ്രാദേശിക, ദേശീയ, അന്താരാഷ്ട്ര തലങ്ങളിലെ ദൈനംദിന വികാസങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കൽ തുടങ്ങിയ ഗവർ

**ഒരു പൊതു ഗ്രന്ഥാലയം അതിന്റെ സേ**
**വരുന്ന സമൂഹത്തിന്റെ വൈവിധ്യമാർന്ന വിജ്ഞ**
**നിവർത്തിക്കുവാൻ പര്യാപ്തമായിരിക്കണം. നി**
**ർജ്ജനം നേടിയ സാക്ഷരത നിലനിർത്തൽ**
**വിദ്യാഭ്യാസ സൗകര്യങ്ങൾ, തൊഴിലവസര, ആരോ**
**ഷിക വിജ്ഞാന വിവരങ്ങൾ തുടങ്ങിയവയ്ക്കൊ**
**ന് ആശ്രയിക്കാനാവുന്ന കേന്ദ്രമായിരിക്കണം**
**സ്ഥാനതലങ്ങളിൽ ഏകോപിപ്പിക്കപ്പെടുന്ന ന**
**ഗ്രന്ഥാലയ വിജ്ഞാനവിതരണ സംവിധാനത**
**കേന്ദ്രത്തിനു മാത്രമേ ഈ കടമകൾ നിർവഹി**

# ക്കുവേണ്ടി
# നസംവിധാനം

ർ

മെന്റിന്റെ വിദ്യാഭ്യാസപരമായ പ്രാഥമികഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനു വേണ്ട ഒരു സംവിധാനമായാണ് പൊതുഗ്രന്ഥാലയ വ്യവസ്ഥ സ്ഥാപിക്കപ്പെടുന്നത്. മറ്റൊരു സ്ഥാപനത്തിലൂടെയും ഗവൺമെന്റിനു ഈ കടമകൾ നിർവഹിക്കാനാവുകയുമില്ല.

## ഭരണ സംവിധാനം

ഇത്തരം ഒരു സേവന സംവിധാനം മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും മററു വിഭാഗീയ ചിന്താഗതികളുടെയും സ്വാധീനത്തിന്നതീതമായിരിക്കണം. അതു ഗവൺമെന്റ് നേരിട്ടു നൽകുന്ന തുടർച്ചയായ സേവനമായിരിക്കണം. അതിന്റെ ഭരണം ജനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രതിനിധികളിൽ നിക്ഷിപ്തമായിരിക്കണം.

---

**സേവനപരിധിക്കകത്തു**
**ജ്ഞാനാവശ്യങ്ങളെല്ലാം**
**നിരക്ഷരതാ നിർമ്മാർ**
**അനൗപചാരിക തുടർ**
**രോഗ്യപരിപാലന കാർ**
**ക്കെ ആ സമൂഹത്തി**
**ം അത്. ദേശീയ സം**
**നിയമാധിഷ്ഠിതമായ**
**നത്തിലെ ഒരു സേവന**
**റിക്കുവാനാവൂ.**

---

ഗ്രന്ഥശാലാ പ്രവർത്തനങ്ങൾക്ക ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഒരു ഉപദേശക സമിതിയും ഭരണവകുപ്പും ഉണ്ടായിരിക്കണം. തുടർച്ചയായ പ്രവർത്തനത്തിനും വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും അതിലേക്ക വേണ്ട നിയമങ്ങൾ നിർമ്മിക്കുവാനും, ഒരു ഭരണ വകുപ്പിനോ മന്ത്രിക്കോ സംസ്ഥാനതലത്തിൽ ഉത്തരവാദിത്വമുണ്ടായിരിക്കണം. മന്ത്രിയെ അല്ലെങ്കിൽ ഭരണ വകുപ്പിനെ സഹായിക്കുവാനും വേണ്ട വിദഗ്ധോപദേശങ്ങൾ നൽകുവാനും ഒരുസ്വതന്ത്രസമിതി രൂപീകരിക്കപ്പെടണം. നിയമസഭയായിരിക്കണം ഈ സമിതിയുടെ ചെയർമാനേയും മററംഗങ്ങളേയും നിർദ്ദേശിക്കുക. ലൈബ്രറി അസോസിയേഷനുകൾക്കും, സർവകലാശാലകൾക്കും ഈ സമിതിയിൽ പ്രാതിനിധ്യമുണ്ടായിരിക്കണം.

സംസ്ഥാനം ജില്ല താലൂക്ക് എന്നിങ്ങനെ വികേന്ദ്രീകരിക്കപ്പെട്ട പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് സമാന്തരമായിട്ടായിരിക്കണം ഗ്രന്ഥശാലാ ഭരണ വ്യവസ്ഥയിലെയും, അധികാര വികേന്ദ്രീകരണം. ഓരോ തലങ്ങളുടെ അധികാരാതിർത്തികളും, വിവിധ തലങ്ങളും സമാനമായ ഘടകങ്ങളും തമ്മിലുള്ള ബന്ധവും സഹകരണവും വ്യക്തമായി നിർവചിക്കപ്പെട്ടിരിക്കണം.

## സൗജന്യ സേവനം

സംസ്ഥാനങ്ങളിൽ നിലവിൽ വരേണ്ടുന്ന ഗ്രന്ഥാലയ സംവിധാനത്തിന്റെ സ്വഭാവവും അതിലെ വിവിധ ഘടകങ്ങളുടെ നിലവാരവും ദേശീയതലത്തിൽ തന്നെ നിശ്ചയിക്കപ്പെട്ടിരിക്കണം. എല്ലാപ്രദേശത്തും എല്ലാവർക്കും ഉയർന്ന നിലവാരമുള്ള ഗ്രന്ഥാലയ സേവനം ലഭ്യമാവണം. ഒരു ഗ്രന്ഥാലയ വ്യവസ്ഥയിൽ ഏററവും താഴെയുള്ള സേവന കേന്ദ്രം നൽകേണ്ട പ്രാഥമിക സേവനങ്ങൾ വരെ വ്യക്തമായി നിർവചിക്കപ്പെട്ടിരിക്കണം. സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ഏകോപിപ്പിക്കപ്പെട്ട അത്തരമൊരു ഗ്രന്ഥാലയ വ്യവസ്ഥയിൽ, ദേശത്തെ ആകെ മുദ്രിതസമ്പത്തിലെ ഏതൊരു രേഖയും, എത്രദൂരെയാണവ നിലനിൽക്കുന്നതെങ്കിലും ഏതൊരു പൗരന്റെയും സമീപത്തുള്ള പൊതുഗ്രന്ഥാലയം വഴി ലഭ്യമാക്കാനാവും വിധമുള്ള സഹകരണം സാദ്ധ്യമായിരിക്കണം. കൂടാതെ അവയുടെ സേവനം സൗജന്യമായിരിക്കണം. ഒരു പൊതു ഗ്രന്ഥാലയമോ ഗ്രന്ഥാലയ വ്യവസ്ഥയോ അവയുടെ ഉപയോഗത്തിന്റെ കാര്യത്തിൽ അംഗത്വത്തിന്റെ അടിസ്ഥാനത്തിലും യാതൊരു വിവേചനവും കാട്ടുവാൻ പാടില്ല. പ്രാദേശികമായി ഒരു പൊതുഗ്രന്ഥാലയത്തിന്റെ സേവന പരിധിക്കകത്ത് വരേണ്ടുന്ന സമൂഹത്തിലെ എല്ലാ വ്യക്തികളും ഈ അർത്ഥത്തിൽ അതിന്റെ അംഗങ്ങൾ തന്നെയാണ്. ഗവൺമെന്റ് നിലനിർത്തുന്ന ഒരു പൊതു ഗ്രന്ഥാലയ വ്യവസ്ഥയിലെ സേവന കേന്ദ്രങ്ങൾ അംഗങ്ങൾക്കല്ല ജനങ്ങൾക്കാകമാനം ഉപയോഗിക്കുവാനുള്ളതാണ്. അതുകൊണ്ട് തന്നെ അവയുടെ ഭരണാധികാരികളെ തെരഞ്ഞെടുക്കേണ്ടതും വരിസംഖ്യ കൊടുക്കാനാവുന്ന വ്യക്തികൾ മാത്രമല്ല അവിടത്തെ ജനസമൂഹമാകമാനമായാണ്. അത്തരമൊരു പ്രാതിനിധ്യമാണ് പൊതുഗ്രന്ഥാലയങ്ങളെ ഗവൺമെന്റ് നേരിട്ട് നിയന്ത്രിക്കുന്ന ഒരു സംവിധാനത്തിലൂടെ സാദ്ധ്യമാവുന്നത്.

പൊതുഗ്രന്ഥാലയ വ്യവസ്ഥയെ ഈ ആധുനിക വീക്ഷണത്തിലൂടെ വിലയിരുത്തുകയാണെങ്കിൽ അത്തരമൊരു ഗ്രന്ഥാലയ സംവിധാനം ഇന്ന് കേരളത്തിലില്ല. ഇപ്പോഴുള്ള ഗ്രന്ഥാലയങ്ങളുടെ സേവന സ്വഭാവത്തിലെ വൈവിധ്യവും ഭരണരീതികളിലെ വ്യത്യസ്തതകളും ഒരു ഏകീകൃത വ്യവസ്ഥയുടെ അഭാവവും ആ ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനത്തെ കർമ്മ വിമുഖമാക്കുന്നു.

(തുടരും)